## SSLC- GEOGRAPHY - UNIT: 1

# ഋതുഭേദങ്ങളും സമയവും

================

**ഋതുഭേദങ്ങൾ എന്നാലെന്ത്?**

മഴക്കാലം, മഞ്ഞുകാലം, വേനൽ കാലം എന്നിങ്ങനെയുള്ള കാലങ്ങളുടെ മാറ്റത്തെ ഋതുഭേദങ്ങൾ എന്ന് പറയുന്നു.

**ഋതുഭേദങ്ങൾ ഉണ്ടാകുന്നത് എന്തുകൊണ്ട്?**

- ലഭിക്കുന്ന സൗരോർജത്തിന്റെ അളവിലുള്ള ഏറ്റക്കുറച്ചിൽ
- ഭൂമിയുടെ പരിക്രമണം
- അച്ചുതണ്ടിന്റെ ചരിവ്

**ഭൂമിയുടെ പരിക്രമണം**

ഭൂമി സ്വയം കറങ്ങുന്നതോടൊപ്പം ദീർഘവൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിലൂടെ സൂര്യനെ വലയം ചെയ്യുന്നതിനെ പരിക്രമണം എന്നു പറയുന്നു.

**അച്ചുതണ്ടിന്റെ ചരിവ്**

പരിക്രമണതലത്തിൽ $66\frac{1}{2}$ ഡിഗ്രിയും, ലംബതലത്തിൽ $23\frac{1}{2}$ ഡിഗ്രിയും

**സൂര്യ സമീപകം**

- ഭൂമിയും, സൂര്യനും ഏറ്റവും അടുത്ത് വരുന്ന ദിവസത്തെ സൂര്യ സമീപകം എന്ന് പറയുന്നു.

**സൂര്യോച്ചം**

- ഭൂമിയും, സൂര്യനും ഏറ്റവും അകന്ന് നിൽക്കുന്ന ദിവസത്തെ സൂര്യോച്ചം എന്ന് പറയുന്നു.

**പ്രധാന അക്ഷാംശ രേഖകൾ**



**അധിവർഷം ( Leap year)**

- ഭൂമിക്ക് ഒരു പരിക്രമണം പൂർത്തിയാക്കാൻ 365 ദിവസവും 6 മണിക്കൂറും ആവശ്യമാണ്.
- 365 ദിവസം = 1 വർഷം
- ബാക്കിവരുന്ന 6 മണിക്കൂറിനെ 4 വർഷം കൂടുമ്പോൾ ഒരു ദിവസമായി പരിഗണിക്കുകയും, എല്ലാ നാലാമത്തെ വർഷവും ഫെബ്രുവരിയിൽ 29 വർഷങ്ങൾ ഉണ്ടാകുകയും ചെയ്യും.
- അത്തരം വർഷങ്ങളെ അധിവർഷം എന്ന് പറയുന്നു.

**അച്ചുതണ്ടിന്റെ സമാന്തരത**

- പരിക്രമണ വേളയിൽ ഉടനീളം ഭൂമി അതിന്റെ ചരിവ് നിലനിർത്തുന്നതിനെയാണ് അച്ചുതണ്ടിന്റെ സമാന്തരത എന്നു പറയുന്നത്.

**സൂര്യന്റെ അയനം**

- അച്ചുതണ്ടിന്റെ ചരിവ് പരിക്രമണ തലത്തിൽ ഉടനീളം നിലനിർത്തുന്നതിനാൽ, ഭൂമിക്ക് ആപേക്ഷികമായി സൂര്യന്റെ സ്ഥാനത്തിൽ മാറ്റമുണ്ടാകുന്നു. സൂര്യൻ ഉത്തരായന രേഖക്കും, ദക്ഷിണായന രേഖക്കും ഇടയിൽ ആപേക്ഷികമായ സ്ഥാന മാറ്റം ഉണ്ടാക്കുന്നു. ഇതിനെ സൂര്യന്റെ അയനം എന്ന് പറയുന്നു.




**വിഷുവങ്ങൾ/സമരാത്ര ദിനങ്ങൾ**

- മാർച്ച് 21, സെപ്റ്റംബർ 23 എന്നീ ദിനങ്ങളിൽ സൂര്യന്റെ അപേക്ഷികമായ സ്ഥാനം ഭൂമധ്യ രേഖക്ക് നേർമുകളിലായിരിക്കും. ഈ രണ്ട് ദിനങ്ങളിലും രണ്ട് അർദ്ധ ഗോളങ്ങളിലും രാത്രിയുടെയും, പകലിന്റെയും ദൈർഘ്യം തുല്യമായിരിക്കും. ഈ ദിനങ്ങളെ വിഷുവങ്ങൾ / സമരാത്ര ദിനങ്ങൾ എന്ന് പറയുന്നു.

**ഗ്രീഷ്മ അയനാന്തം**

- മാർച്ച് 21 മുതൽ ഭൂമദ്ധ്യരേഖയിൽ നിന്നും വടക്കോട്ട് അയനം ചെയ്യുന്ന സൂര്യൻ ജൂൺ 21 ന് ഉത്തരായനരേഖക്ക് നേർ മുകളിൽ എത്തുന്നു. ഈ ദിനത്തെ ഉത്തരാർദ്ധഗോളത്തിൽ ഗ്രീഷ്മ അയനാന്തദിനം എന്ന് വിളിക്കുന്നു.
- ഗ്രീഷ്മ അയനാന്ത ദിനത്തിൽ ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും, ഏറ്റവും ഹൃസ്വമായ രാത്രിയും അനുഭവപ്പെടുന്നു.

**ജൂൺ 21 ന് ദക്ഷിണാർദ്ധഗോളത്തിൽ രാത്രിയുടേയും പകലിന്റേയും പ്രത്യേകത?**

- രാത്രിയുടെ ദൈർഘ്യം കൂടുതലും, പകലിന്റെ ദൈർഘ്യം കുറവും ആയിരിക്കും.

**ഉത്തരാർദ്ധഗോളത്തിലെ വേനൽക്കാലം**

- ജൂൺ 21 മുതൽ സൂര്യൻ ഉത്തരായനരേഖയിൽ നിന്ന് തെക്കോട്ട് അയനം ചെയ്ത് സെപ്റ്റംബർ 23 ന് ഭൂമധ്യ രേഖക്ക് നേർമുകളിലെത്തുന്നു.
- ഈ കാലയളവിലാണ് ഉത്തരാർദ്ധഗോളത്തിൽ വേനൽക്കാലം (ഗ്രീഷ്മകാലം) അനുഭവപ്പെടുന്നത്.

**ശൈത്യ അയനാന്തം**

- സെപ്റ്റംബർ 23 മുതൽ സൂര്യൻ ഭൂമധ്യരേഖയിൽ നിന്ന്  തെക്കോട്ട് അയനം ചെയ്ത് ഡിസംബർ 22 ന് ദക്ഷിണായന രേഖക്ക് നേർക്കുകളിൽ എത്തുന്നു. ഈ ദിവസത്തെ ഉത്തരാർദ്ധഗോളത്തിൽ ശൈത്യ അയനാന്ത ദിനം എന്ന് വിളിക്കുന്നു.
- ഈ ദിവസത്തിൽ ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ഹ്രസ്വമായ പകലും, ഏറ്റവും ദൈർഘ്യമുള്ള രാത്രിയും അനുഭവപ്പെടുന്നു.

**ഉത്തരാർദ്ധഗോളത്തിലെ ശൈത്യകാലം**

- ഡിസംബർ 22 ന് ദക്ഷിണായന രേഖയിൽ നിന്ന്  വടക്കോട്ട് അയനം ചെയ്യുന്ന സൂര്യൻ മാർച്ച് 21 ന് ഭൂമധ്യ രേഖക്ക് നേർമുകളിലെത്തുന്നു. ഈ കാലയളവിലാണ് ഉത്തരാർദ്ധ ഗോളത്തിലെ ശൈത്യകാലം.

**വസന്തം**

- ശൈത്യകാലത്തിൽ നിന്ന് ഉഷ്ണകാലത്തിലേക്കുള്ള മാറ്റത്തെ വസന്തം എന്ന് പറയുന്നു.
  - ✓ ചെടികൾ തളിർക്കുന്നു
  - ✓ മരങ്ങൾ പുഷ്പിക്കുന്നു
  - ✓ മാവ് പൂക്കുന്നു
  - ✓ പ്ലാവിൽ ചക്ക ഉണ്ടാകുന്നു എന്നിവയാണ് വസന്തകാലത്തിന്റെ സവിശേഷതകൾ.
- മാർച്ച് 21 മുതൽ ജൂൺ 21 വരെയാണ് ഉത്തരാർദ്ധ ഗോളത്തിലെ വസന്തം.

**ഹേമന്തം**

- ഉഷ്ണകാലത്തിൽ നിന്ന് ശൈത്യകാലത്തിലേക്കുള്ള മാറ്റത്തെ ഹേമന്തം എന്ന് പറയുന്നു.
  - ✓ അന്തരീക്ഷ ഊഷ്മാവ് കുറയുന്നു.
  - ✓ പകലിന്റെ ദൈർഘ്യം കുറഞ്ഞ് രാത്രി കൂടുന്നു.
  - ✓ മരങ്ങൾ ഇല പൊഴിക്കുന്നു എന്നിവ പ്രത്യേകതകളാണ്.
- സെപ്റ്റംബർ 23 മുതൽ ഡിസബർ 22 വരെയാണ് ഉത്തരാർദ്ധഗോളത്തിൽ ഹേമന്ത കാലം.

**ഉത്തരായനം**

- ദക്ഷിണായന രേഖയിൽ നിന്നും ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ഉത്തരായനം എന്ന് പറയുന്നു.
- ഉത്തരായന കാലത്ത് ഉത്തരാർദ്ധ ഗോളത്തിൽ പകലിന്റെ ദൈർഘ്യം ക്രമേണ കൂടി വരുന്നു.

**ദക്ഷിണായനം**

- ഉത്തരായനരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ദക്ഷിണായനം എന്ന് പറയുന്നു.
- ദക്ഷിണായന കാലത്ത് ദക്ഷിണാർദ്ധ ഗോളത്തിൽ പകലിന്റെ ദൈർഘ്യം ക്രമേണ കൂടി വരുന്നു.

സൂര്യന്റെ ആപേക്ഷിക ചലനവും ഋതുക്കളും

| മാസം | സൂര്യന്റെ ആപേക്ഷിക ചലനം | ഋതു | |
|---|---|---|---|
| | | ഉത്തരാർദ്ധഗോളം | ദക്ഷിണാർദ്ധഗോളം |
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്ക് | വസന്തകാലം | ഹേമന്ത കാ |
| ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | ഉത്തരായനരേഖയി നിന്നും ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മ കാലം | ശൈത്യകാലം |
| സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ഭൂമധ്യരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്ക് | ഹേമന്ത കാലം | വസന്തകാലം |
| ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ദക്ഷിണായനരേഖയി നിന്നും ഭൂമധ്യരേഖയിലേക്ക് | ശൈത്യകാലം | ഗ്രീഷ്മ കാലം |

**പ്രാദേശിക സമയം**

- ഓരോ സ്ഥലത്തും സൂര്യന്റെ ഉച്ചനിലയെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന സമയത്തെ പ്രാദേശിക സമയം എന്ന് പറയുന്നു.

**ഒരു രാജ്യത്ത് നിരവധി പ്രാദേശിക സമയങ്ങൾ ഉണ്ടായാൽ അത് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാം?**

- ട്രെയിൻ, വിമാനയാത്ര സർവീസുകളുടെ സമയക്രമീകരണത്തെ ബാധിക്കും.
- റേഡിയോ, ടെലിവിഷൻ പരിപാടികളുടെ സമയക്രമീകരണത്തെ ബാധിക്കും.
- രാജ്യവ്യാപകമായി നടക്കുന്ന പൊതുപരീക്ഷകളുടെ സമയക്രമീകരണത്തെ ബാധിക്കും.

**സമയനിർണയം: പ്രധാനപ്പെട്ട വിവരങ്ങൾ**

□ ഭൂമിയുടെ കോണളവ് = 360 ഡിഗ്രി.
□ 360 ഡിഗ്രി തിരിയാൻ ഭൂമിക്ക് വേണ്ടത് 24 മണിക്കൂറാണ്.
□ 24 മണിക്കൂറിനെ മിനിറ്റിലേക്ക് മാറ്റിയാൽ 24 × 60 = 1440 മിനിറ്റ്.
□ ഒരു ഡിഗ്രി രേഖാംശപ്രദേശം തിരിയാൻ ഭൂമിക്ക് വേണ്ട സമയം 1440/360 = 4 മിനിറ്റ്.
□ 15 ഡിഗ്രി രേഖാംശം തിരിയാൻ 15 x 4 = 60 മിനിറ്റ് (1 മണിക്കൂർ).
□ ഭൂമിയുടെ ഭ്രമണം പടിഞ്ഞാറുനിന്നും കിഴക്കോട്ട് ആയതിനാൽ സമയം കൂടുതൽ രേഖപ്പെടുത്തുന്നത് കിഴക്കോട്ടും, സമയം കുറവ് രേഖപ്പെടുത്തുന്നത് പടിഞ്ഞാറോട്ടും ആയിരിക്കും.

**ഗ്രീനിച്ച് സമയവും (GMT) സമയമേഖലയും**

- ➢ പൂജ്യം ഡിഗ്രി രേഖാംശ രേഖ ഗ്രീനിച്ച് രേഖ എന്നറിയപ്പെടുന്നു.
- ➢ ഈ രേഖ ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണ ശാല സ്ഥിതി ചെയ്യുന്ന ഗ്രീനിച്ച് എന്ന സ്ഥലത്ത് കൂടി കടന്നു പോകുന്നതിനാൽ ആണ് ഗ്രീനിച്ച് രേഖ എന്നറിയപ്പെടുന്നത്.
- ➢ ഗ്രീനിച്ച് രേഖ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കപ്പെടുന്നത്.

- അതിനാൽ ഗ്രീനിച്ച് രേഖയെ പ്രൈം മെറിഡിയൻ എന്നും വിളിക്കുന്നു.
- ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയത്തെ ഗ്രീനിച്ച് സമയം എന്ന് പറയുന്നു.
- ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരു മണിക്കൂർ വീതം സമയ വ്യത്യാസം ഉള്ള 24 സമയ മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു.
- ഇവ സമയമേഖലകൾ എന്നറിയപ്പെടുന്നു.
- ഓരോ സമയമേഖലയുടെയും രേഖാംശീയ വ്യാപ്തി 15° ആണ്.

**സ്റ്റാൻഡേർഡ് സമയം**

- വിവിധ രേഖാംശങ്ങളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ അതാതിടങ്ങളിലെ പ്രാദേശികസമയം പരിഗണിച്ചാൽ അത് പല അവസരങ്ങളിലും ആശയക്കുഴപ്പമുണ്ടാക്കും.
- ഇതു പരിഹരിക്കാൻ രാജ്യത്തിന്റെ കേന്ദ്രഭാഗത്ത് കൂടി കടന്നുപോകുന്ന രേഖാംശത്തിലെ പ്രാദേശിക സമയത്തെ രാജ്യത്തെ മുഴുവൻ പൊതു സമയമായി കണക്കാക്കുന്നു.
- രാജ്യത്തിന്റെ ഏറെക്കുറെ മദ്ധ്യത്തിലൂടെ കടന്നു പോകുന്ന രേഖാംശരേഖയെ മാനകരേഖാംശം (സ്റ്റാൻഡേർഡ് മെറിഡിയൻ) എന്ന് പറയുന്നു.
- മാനക രേഖാംശത്തിലെ പ്രാദേശിക സമയത്തെ മാനക സമയം(സ്റ്റാൻഡേർഡ് സമയം) എന്ന് പറയുന്നു .

**ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (IST)**

- കിഴക്ക് 68 ഡിഗ്രി മുതൽ കിഴക്ക് 97 ഡിഗ്രി വരെയാണ് ഇന്ത്യയുടെ രേഖാംശീയ വ്യാപ്തി.
- ഇന്ത്യയുടെ ഏകദേശം മധ്യത്തിലായി സ്ഥിതിചെയ്യുന്ന $82\frac{1}{2}$ ഡിഗ്രി പൂർവ രേഖാംശത്തെയാണ് ഇന്ത്യയുടെ മാനകരേഖാംശമായി കണക്കാക്കുന്നത്.
- ഈ രേഖാംശത്തിലെ പ്രാദേശിക സമയമാണ് ഇന്ത്യയിലെ പൊതുവായ സമയം.
- ഇതിനെ ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എന്ന് വിളിക്കുന്നു.
- ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തിൽ നിന്നും 5.30 മണിക്കൂർ കൂടുതൽ ആയിരിക്കും.

**അന്താരാഷ്ട്ര ദിനാങ്കരേഖ**

- 180 ഡിഗ്രി രേഖാംശ രേഖയെയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ എന്ന് പറയുന്നത്.
- ഈ രേഖയുടെ കിഴക്കും പടിഞ്ഞാറുമായി 24 മണിക്കൂറിന്റെ സമയ വ്യത്യാസം രേഖപ്പെടുത്തുന്നു.
- ഒരു രാജ്യത്തിന്റെ മധ്യത്തിലൂടെ ഈ രേഖ കടന്നു പോകുമ്പോൾ ദിവസങ്ങളിൽ ഉണ്ടാകുന്ന വ്യത്യാസം പരിഹരിക്കുന്നതിനുവേണ്ടി കരഭാഗത്തെ പൂർണ്ണമായും ഒഴിവാക്കി കടലിലൂടെ വളച്ചാണ് ഈ രേഖ വരച്ചിരിക്കുന്നത്.
- പസഫിക് സമുദ്രത്തിലെ ബെറിങ് കടലിടുക്കിലൂടെ തെക്കോട്ട് ജനവാസമുള്ള ദ്വീപുകളെ പൂർണമായും ഒഴിവാക്കി കൊണ്ടാണ് അന്താരാഷ്ട്ര ദിനാങ്കരേഖ കടന്നുപോകുന്നത്.
- ഈ രേഖ മുറിച്ചുകടന്ന് പടിഞ്ഞാറോട്ട് സഞ്ചരിക്കുന്ന ഒരാൾ കലണ്ടറിൽ ഒരുദിവസം കൂട്ടിയും, കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു.

**സമയ നിർണയം**

- ❖ ഗ്രീനിച്ച് സമയം ഉച്ചയ്ക്ക് 12 മണിയായിരിക്കുമ്പോൾ ന്യൂയോർക്കിലെ (74° പടിഞ്ഞാറ്) സമയം എത്ര?

1° തിരിയാൻ = 4 മിനിറ്റ്
74° തിരിയാൻ = 74×4= 296 മിനിറ്റ്
അതായത് 4 മണിക്കൂർ 56 മിനിറ്റ്
ന്യൂയോർക്ക് ഗ്രീനിച്ചിന്റെ പടിഞ്ഞാറ് ഭാഗത്തായതിനാൽ ഗ്രീനിച് സമയത്തിൽ നിന്നും 4 മണിക്കൂർ 56 മിനിറ്റ് കുറയ്ക്കണം.
അപ്പോൾ ന്യൂയോർക്കിലെ സമയം = 12- 4.56 = 7.04 am

-----------------------

Prepared by,
Hamza Kannanthodi
9847767121
MUHSS OORAKAM